# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *429 — 05.02.2014 - ൽ മറുപടിക്ക്

### കാർഷിക വ്യാപന പ്രക്രിയയിൽ വിദ്യാർത്ഥികളുടെ പങ്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. പി.കെ. ബഷീർ<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ | **ശ്രീ.കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കാർഷിക വ്യാപന പ്രക്രിയയിൽ വിദ്യാർത്ഥികളെക്കൂടി പങ്കാളികളാക്കുന്നതിന് കൃഷി വകുപ്പ് നേരിട്ട് നടപ്പാക്കുന്ന പദ്ധതികളെന്തെല്ലാമെന്ന് വിശദമാക്കുമോ; | എ) കാർഷിക വ്യാപന പ്രക്രിയയിൽ വിദ്യാർത്ഥികളെക്കൂടി പങ്കാളികളാക്കുന്നതിന് കൃഷി വകുപ്പ് നേരിട്ട് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.<br>• പുരയിടങ്ങളിലെ പച്ചക്കറി കൃഷി.<br>• വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി പരിപാലനം.<br>• സ്കൂൾ കുട്ടികൾക്ക് പഠന സഹായികളായ ലീഫ് ലെറ്റ്, ഡി.വി.ഡി. എന്നിവയുടെ വിതരണം.<br>• വിത്തുവണ്ടി വഴി പ്രചാരണം.<br>• പച്ചക്കറി കൃഷിയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വിദ്യാലയങ്ങൾ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ, വിദ്യാലയ മേധാവി എന്നിവർക്ക് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും പുരസ്കാരങ്ങൾ. |
| ബി) കാർഷികവൃത്തിയുടെ മാന്യതയേയും സമൂഹത്തിന്റെ ഭക്ഷ്യ, ആരോഗ്യ, സഹകരണ മേഖലകളിൽ കൃഷിക്കുള്ള പങ്കിനേയും കുറിച്ച് പുതുതലമുറയിൽ അവബോധം വളർത്താൻ കൃഷി വകുപ്പ് നടത്തുന്ന പരിപാടികളെന്തൊക്കെയെന്ന് വിശദമാക്കുമോ; | ബി) സംസ്ഥാനത്തെ മൊത്തം വിദ്യാലയങ്ങളിൽ കാർഷിക മേഖലയിൽ വേണ്ടതായ അവബോധം സൃഷ്ടിക്കുന്നതിനായി വിത്തുവണ്ടി വഴി പ്രചാരണം, പരിശീലന അവബോധന ക്ലാസ്സുകൾ, പഠനസഹായികളായി ലീഫ് ലെറ്റ്, ഡി.വി.ഡി.കൾ എന്നിവയുടെ സൗജന്യ വിതരണം എന്നിവ കാര്യക്ഷമമായി നടപ്പാക്കി വരുന്നു. സാധ്യമായ എല്ലാ സ്കൂളുകളിലും പച്ചക്കറി തോട്ടം നിർമ്മിക്കുന്നു. കീടനാശിനികൾ ഉപയോഗിക്കാത്തതു കൊണ്ടുള്ള ഗുണം മനസ്സിലാക്കുന്നതിന് അവരെ കൊണ്ടു തന്നെ പ്രവർത്തികൾ നടത്തുന്നു. ജൈവ രീതിയിൽ സുരക്ഷിത പച്ചക്കറി കൃഷിക്കാണ് ഊന്നൽ നല്കുന്നത്. കൂടാതെ പച്ചക്കറി കൃഷിയിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്ന വിദ്യാലയങ്ങൾ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ, വിദ്യാലയ മേധാവി എന്നിവർക്ക് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും പുരസ്കാരങ്ങളും നല്കുന്നു. |
| സി) ഇക്കാര്യത്തിൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാർക്ക് എന്തെങ്കിലും ഉത്തരവാദിത്വം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | സി) നല്കിയിട്ടില്ല. കൃഷി വകുപ്പ് നേരിട്ട് നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയിൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാർക്ക് ഉത്തരവാദിത്വം നൽകുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തന്നെ സർക്കാരിന്റെ പരിഗണനയ്ക്ക് ലഭിച്ചിട്ടില്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ